# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4703. 26-06-2019 ൽ മറുപടിയ്ക്ക്

## പ്രളയത്തിൽ നെൽകൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ നെൽകൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിൽ വ്യാപകമായ പരാതിയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | വ്യാപകമായ പരാതികളുള്ളതായി കാണുന്നില്ല. പ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ 35000 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി നഷ്ടപെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശംസംഭവിച്ച കർഷകർക്ക് ഹെക്ടറിന് 13,500/- രൂപ നിരക്കിൽ ദുരന്ത നിവാരണ ഫണ്ട് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ നെൽകർഷകർ ഉൾപ്പടെ 2,38,376 കർഷകർക്ക് 78.43 കോടി രൂപ ആനുകൂല്യമായി അനുവദിച്ചു നിലവിൽ പുനരാവിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതി പ്രകാരം സെന്റിന് 1 രൂപ അടച്ച് ഇൻഷ്വർ ചെയ്ത കർഷകർക്ക് കൃഷി നാശം സംഭവിച്ചാൽ 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000/- രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35000/- രൂപയും ആനുകൂല്യം അനുവദിക്കുന്നുണ്ട്. പരാതികൾ വരുന്നതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ